ഉത്തരം

എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. പദ്ധതികൾക്കുവേണ്ടി ബഡ്ജറിൽ ഉൾക്കൊള്ളിച്ച തുകയുടെ 75% അതാത് ജില്ലകളിലെ ഗ്രാമീണ കർഷക തൊഴിലാളികളുടെയും നാമമാത്ര കർഷകരുടെയും എണ്ണത്തിന്റെ അടിസ്ഥാനത്തിലും ബാക്കി 25% അതാതു ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലുമാണ് അലോട്ട് ചെയ്യുന്നത്.

ദേശീയ തൊഴിൽ ദാന പദ്ധതിയനുസരിച്ച് സംസ്ഥാനത്തിന് ലഭിച്ച അരിയുടെ തോത്

130 [335] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിൽദാന പദ്ധതിയനുസരിച്ച് കേന്ദ്രം 1982 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന് അനുവദിച്ച അരിയുടെ തോത് എന്ത്;

(ബി) ഇപ്രകാരം അലോട്ട് ചെയ്ത അരി ഏറെടുക്കാത്തതു മൂലം ലാപ്സാകുകയുണ്ടായോ;

(സി) എങ്കിൽ ഓരോവർഷവും എത്ര വീതം;

(ഡി) ഇപ്രകാരം ലാപ്സാകുവാനുള്ള കാരണമെന്ത്?

ഉത്തരം

(എ) 1982–83-ൽ കേന്ദ്രം 2,625 മെട്രിക് ടൺ ഭക്ഷ്യധാന്യം അനുവദിക്കുകയുണ്ടായി. ഇതു കൂടാതെ 3,350 മെട്രിക് ടൺ ഭക്ഷ്യധാന്യം 1981–82-ൽ നിന്ന് റീവാലിഡേറ്റ് ചെയ്തു കൊടുക്കുകയുണ്ടായി. 1983–84-ൽ 11,120 മെട്രിക് ടണ്ണും 1984–85-ൽ 13,028 മെട്രിക് ടണ്ണും 1985–86-ൽ ഇതുവരെ 3,350 മെട്രിക് ടണ്ണും ഭക്ഷ്യധാന്യം കേന്ദ്രം അനുവദിച്ചു.

(ബി) ഉണ്ടായി.

(സി) 1982–83-ൽ 566.099 മെട്രിക് ടണ്ണും 1983–84-ൽ 5397.000 മെട്രിക് ടണ്ണും 1984–85-ൽ 9700.202 മെട്രിക് ടണ്ണും അരി ലാപ്സാകുകയുണ്ടായി.

(ഡി) ലാപ്സാകുവാനുള്ള കാരണങ്ങൾ മുഖ്യമായും താഴെ പറയുന്നവയാണ്:

1. താഴ്ന്നതരം അരിയാണ് വിതരണത്തിന് ലഭ്യമായികൊണ്ടിരിക്കുന്നത്.

2. ആവശ്യമുള്ള അവസരങ്ങളിൽ എഫ്.സി.ഐ. ഗോഡൗണുകളിൽനിന്ന് അരി ലഭ്യമാക്കാതിരിക്കുന്ന സാഹചര്യം അത്ര അപൂർവ്വമല്ല.

3. ചിലയിടങ്ങളിൽ തൊഴിൽ സമരംമൂലം എഫ്.സി.ഐ. ഗോഡൗണുകളിൽനിന്നും അരി ഏറെടുക്കാൻ ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly